# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2713** **13.03.2020 -ൽ മറുപടിയ്ക്ക്**

**കേന്ദ്ര മാനവ വികസന മന്ത്രാലയം പുറത്തിറക്കിയ കരട് വിദ്യാഭ്യാസ നയം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.എസ്.ശബരീനാഥൻ** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) കേന്ദ്ര മാനവ വിഭവ വികസന മന്ത്രാലയം പുറത്തിറക്കിയ കരട് വിദ്യാഭ്യാസ നയത്തിലെ പല നിർദ്ദേശങ്ങളും ഫെഡറൽ സംവിധാനത്തിന് ഉതകാത്തതാണ് എന്ന് കണ്ടെത്തിയിട്ടുണ്ടോ;<br>ബി) എങ്കിൽ ഏതൊക്കെ കരട് നിർദ്ദേശങ്ങളാണ് ഇതിന് വിരുദ്ധ മായിട്ടുള്ളത്; ഇത്തരം നിർദ്ദേശങ്ങൾ പിൻവലിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണ്; | എ) യും ബി) യും മാനവ വിഭവ വികസന മന്ത്രാലയം ചർച്ചയ്ക്കായി പുറത്തിറക്കിയ കരട് വിദ്യാഭ്യാസ നയത്തിൽ ഫെഡറൽ സംവിധാനത്തിനോടൊത്തുപോകാത്ത ഒട്ടനവധി നിർദ്ദേശങ്ങളുണ്ട്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. സ്റ്റേറ്റിനും നിരവധി കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ അവകാശമുണ്ട്. അത്തരം അവകാശങ്ങളെ ദുർബലപ്പെടുത്തുകയും കേന്ദ്രീകരി ക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ കരട് വിദ്യാഭ്യാസ നയത്തിലുണ്ട് എന്നും അത്തരം നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യ പ്പെട്ടിട്ടുണ്ട്. പാഠപുസ്തകങ്ങൾ പോലും കേന്ദ്രീകരിച്ച് തയ്യാറാക്കാനുള്ള നിർദ്ദേശങ്ങൾ കരട് രേഖയിലുണ്ട്. ഇത് ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളോട് യോജിച്ചുപോകുന്നവയല്ല എന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| സി) സംസ്ഥാനത്തെ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്; | സി) സംസ്ഥാനത്തെ നിലവിലെ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കണമെന്ന് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി നിർദ്ദേശിച്ചതിന്റെ വെളിച്ചത്തിൽ നിലവിലെ പാഠ്യപദ്ധതിയെക്കുറിച്ചും പരിഷ്കരിക്കേണ്ട ആവശ്യകത യെകുറിച്ചുമുള്ള ഗവേഷണ പഠനങ്ങൾ എസ്.സി.ഇ. ആർ.ടി.സംഘടിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരട് പാഠ്യപദ്ധതി സമീപനരേഖ തയ്യാറാക്കിവരുന്നു. തുടർന്ന് സിലബസും പാഠപുസ്തകങ്ങളും ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതാണ്. |

(...2)

| | | | |
|---|---|---|---|
| ഡി) | ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ച ദേശീയ ശില്പശാലയിൽ ഉരുതിരിഞ്ഞ് വന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പാഠ്യപദ്ധതിയുടെ കരട് തയ്യാറാക്കി യിട്ടുണ്ടോ; വിശദമാക്കുമോ ? | ഡി) | പാഠ്യപദ്ധതി സമീപന രേഖയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. വിവിധ തലത്തിലുള്ള ചർച്ചകൾക്കുശേഷവും വിദഗ്ധരുമായുള്ള ആശയ വിനിമയത്തിനു ശേഷവും ഇതു പൂർത്തികരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ